**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1365** **14-03-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കണമെന്ന ശിപാർശ നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ന്യൂനപക്ഷവിഭാഗത്തിൽപെട്ടതല്ലാത്ത എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അധ്യാപക-അനധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കത്തക്കവിധത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതികൾ വരുത്തുകയോ സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുകയോ ചെയ്യണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ബഹു ഹൈകോടതിയുടെ 25.05.2015 ലെ വിധിന്യായത്തിനെതിരെ ഏതാനും എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21.02.2017 ലെ വിധിന്യായം മാനേജ്മെന്റുകൾക്ക് അനുകൂലമായിരുന്നു. എയ്ഡഡ് കോളേജുകളിൽ അധ്യാപക-അനധ്യാപക നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21.12.2017 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ 26.12.2017 ലെ മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ SLP ഫയൽ ചെയ്യുവാൻ തീരുമാനിക്കുകയും ഇതിനു തുടർച്ചയായി റിട്ട് അപ്പീലുകളിന്മേലുള്ള 21.12.2017 ലെ ബഹു.ഹൈ കോടതിയുടെ വിധിന്യായത്തിനെതിരെ ബഹു.സുപ്രീം കോടതി മുൻപാകെ SLP(C)9975/18 നമ്പറായി SLP ഫയൽ ചെയ്തിട്ടുമുണ്ട്. ടി കേസിൽ വാദം നടന്നു വരികയാണ്. എയ്ഡഡ് കോളേജുകളുടെ കാര്യത്തിലുള്ള ഈ നിലപാട് എയ്ഡഡ് സ്കൂളുകൾക്കും ബാധകമാണെന്നതിനാൽ ടി കേസ്സിൽ ബഹു.സുപ്രീം കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, എയ്ഡഡ് സ്ഥാപനങ്ങളിലും സ്കൂളുകളിലും ഭിന്നശേഷിക്കാർക്ക് |

| | | | |
|---|---|---|---|
| | | | 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021 ൽ സ.ഉ(പി) നം.19/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ